ഉത്തരം

അഴുതയാർ അണക്കെട്ടിന്റെയും പെരിയാർ നദിയിലേക്ക് (ഇടുക്കി ജലാശയത്തിലേക്ക്) വെള്ളം തിരിച്ചുവിടുന്നതിനുള്ള തുരങ്കത്തിന്റെയും പണികൾക്കുള്ള കരാർ ഉറപ്പിച്ചുകഴിഞ്ഞു. അണക്കെട്ടിന്റെയും തുരങ്കത്തിന്റെയും നിർമ്മാണപ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

പാമ്പാടി സബ്സ്റ്റേഷന്റെ പണി

219. [271] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പാടി സബ്സ്റ്റേഷന്റെ പണി എപ്പോൾ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) ഈ സബ്സ്റ്റേഷന്റെ പണി പൂർത്തിയാക്കുന്നതോടുകൂടി വോൾട്ടേജ് ഇംപ്രൂവുമെന്റിനു എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) പാമ്പാടി 66 കെ. വി. സബ്സ്റ്റേഷന്റെ പണി ഈ സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) ഈ സബ്സ്റ്റേഷന്റെ പണി പൂർത്തിയാകുന്നതോടെ പാമ്പാടി അയർകുന്നം-മീനടം-കൂരോപ്പട എന്നീ സ്ഥലങ്ങളിൽ ലഭിക്കുന്ന വോൾട്ടേജ് മെച്ചപ്പെടുന്നതിനു നാല് 11 കെ. വി. ലൈനുകളും 9 ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും
പെൻഷൻ പറ്റിയ ജീവനക്കാർ

220. [273] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 മേയ് 24 മുതൽ 1986 സെപ്റ്റംബർ 30 വരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും എത്ര ജീവനക്കാർ പെൻഷൻ പറ്റി പിരിഞ്ഞിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) എത്ര ഉദ്യോഗാർത്ഥികൾക്ക് ഈ കാലയളവിൽ പുതുതായി ബോർഡിൽ നിയമനം നൽകിയിട്ടുണ്ട് ;

(സി) എല്ലാ കാറ്റഗറികളിലുമായി നിലവിലുള്ള ഒഴിവ് എത്രയാണ്?

ഉത്തരം

(എ) 2198 ജീവനക്കാർ.

(ബി) 2008 ഉദ്യോഗാർത്ഥികൾക്ക്.

(സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly